(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 1998-99-ൽ ഗ്രാന്റ് നൽകിയ കൈത്തറി സഹകരണ സംഘങ്ങളിൽ ഏറ്റവുമൊടുവിൽ അംഗങ്ങളെ ചേർത്തതെന്നാണ്;

(ബി) ഗ്രാന്റ് അനുവദിക്കുന്ന തീയതിയിൽ ഈ സംഘങ്ങളിലോരോന്നിലും എത്ര അംഗങ്ങൾ വീതമുണ്ട്;

(സി) ഈ ഓരോ സംഘങ്ങൾക്കുവേണ്ടിയും ഇക്കഴിഞ്ഞ 3 വർഷത്തിൽ ജില്ലാ വ്യവസായ കേന്ദ്രം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ ആനുകൂല്യങ്ങളുടെ ഫലം സാധാരണക്കാരായ കൈത്തറി തൊഴിലാളികൾക്ക് നല്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കൈത്തറി സംഘങ്ങൾക്കനുവദിച്ച ഗ്രാന്റ് പുനഃപരിശോധിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ലഭ്യമല്ല.

(ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു.†

(സി) വിവരം തദ്ദേശഭരണ വകുപ്പിൽ ലഭ്യമല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്. ഹാന്റ്ലൂം പ്രൊട്ടക്ഷൻ ഫോറം സംഘടനയിൽ നിന്നും, ചില തൊഴിലാളി സംഘടനകളിൽ നിന്നും.

61 (1812) നഗരങ്ങളിലെ ഓടകൾ ശുചിയാക്കുന്നതിന് നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നഗരങ്ങളിലെ ഓടകളിൽനിന്നും ഉയരുന്ന ദുർഗന്ധം ഇല്ലാതാക്കുന്നതിനും ഓടകളിൽ ചപ്പുചവറ് നിക്ഷേപിക്കുന്നത് തടയുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ എം.പി. അപ്പൻ റോഡ് കണ്ണേറ്റുമുക്ക്-കുരുക്കുവിളാകം വഴി പോകുന്ന ഓടയ്ക്ക് സ്ളാബിട്ട് മൂടുവാൻ തിരുവനന്തപുരം കോർപ്പറേഷന് എന്തെങ്കിലും പദ്ധതിയുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഈ ഓട സ്ലാബിട്ട് മൂടുന്നതിന്റെ സാംഗത്യത്തെപ്പറ്റി ആലോചിക്കുവാൻ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) ഓടകളിലെ ചപ്പുചവറ് നീക്കം ചെയ്ത് അവ വൃത്തിയാക്കുക എന്നത് നഗരസഭകൾ നിത്യേന നടത്തിവരുന്ന ശുചീകരണ പ്രവർത്തനങ്ങളിൽപ്പെട്ട ഒന്നാണ്. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഏതെങ്കിലും നഗരസഭകൾ ഇതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നുള്ള വിവരം ഇപ്പോൾ ലഭ്യമല്ല.

(സി) ഇപ്പോൾ പദ്ധതിയൊന്നും ഇല്ല.

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് നഗരസഭയും ബന്ധപ്പെട്ട വാർഡ് കമ്മിറ്റിയുമാണ്. സർക്കാർ നിർദ്ദേശത്തിന്റെ ആവശ്യം ഉദിക്കുന്നില്ല.

62 (1813) നാടൻ ഹൗസ്ബോട്ടുകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും താമസ സംവിധാനങ്ങളോടു കൂടിയ നാടൻ ഹൗസ്ബോട്ടുകൾ വിദേശ ടൂറിസ്റ്റുകളേയുംകൊണ്ട് ചുറ്റിസഞ്ചരിച്ച് വലിയ തോതിൽ വള്ളമുടമകൾ പണമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൈനകരി പഞ്ചായത്തിൽ ഇത്തരത്തിലുള്ള എത്ര നാടൻഹൗസ്ബോട്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) കുട്ടനാട് താലൂക്കിൽ ആകെ ഇത്തരത്തിലുള്ള എത്ര നാടൻ ഹൗസ്ബോട്ടുകൾ ആണ് ഉപയോഗത്തിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഈ നാടൻ ഹൗസ്ബോട്ടുകൾ കൈനകരി പഞ്ചായത്തിനോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ യാതൊരുവിധ നികുതികളും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിദേശ ടൂറിസ്റ്റുകൾ മണിക്കൂറുകളും ദിവസങ്ങളുമെടുത്ത് താമസസൗകര്യങ്ങളുള്ള ഈ നാടൻ വള്ളങ്ങളിൽ കഴിയുന്നതിനാൽ അവരുടെ മലമൂത്ര വിസർജ്ജനം കാരണം കൈനകരിയിലെ തോടുകളിലെ വെള്ളം മലിനമാകുന്നത് തടയാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിക്കുന്നത്;

(എഫ്) വിദേശ ടൂറിസ്റ്റുകളിൽ നിന്നും വലിയ തോതിൽ മണിക്കൂറിന് ഫീസ് ഈടാക്കുന്ന ഈ നാടൻവള്ളം ഉടമകളിൽനിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കാൻ സർക്കാർ ഗ്രാമപഞ്ചായത്തിന് നൽകുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്ദേശം 100.

LIBRARY ARCHIVES Kerala Legislative Assembly